"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ഡ്രൈവിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.2065/2026/LSGD തീയതി,തിരുവനന്തപുരം, 02-11-2026

പരാമർശം:- 1. 16/10/2026-ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ DHS/7656/2026-UIPI നമ്പർ കത്ത് .

ഉത്തരവ്

2026 നവംബർ 22 ന് നടത്താൻ നിശ്ചയിച്ചിട്ടുള്ള പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ഡ്രൈവിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം അനുവദിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 നവംബർ 22 ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ക്രമീകരിച്ചിരിക്കുന്ന പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ഡ്രൈവിന് ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി ₹10,000/- (പതിനായിരം രൂപ മാത്രം) വരെയും മുൻസിപ്പാലിറ്റികൾക്ക് പരമാവധി ₹15000/-(പതിനയ്യായിരം രൂപ മാത്രം) വരെയും കോർപ്പറേഷനുകൾക്ക് പരമാവധി ₹25000/-ഇരുപത്തയ്യായിരം രൂപ മാത്രം) വരെയും അവരവരുടെ തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ബന്ധപ്പെട്ട പ്രാഥമിക ആരോഗ്യ കേന്ദ്രം/സാമൂഹ്യ ആരോഗ്യ കേന്ദ്രം/ആശുപത്രി മെഡിക്കൽ ആഫീസർ അഥവാ ആശുപത്രി സൂപ്രണ്ടുമാർക്ക് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇപ്രകാരം തുക കൈപ്പറ്റുന്ന മെഡിക്കൽ ഓഫീസർമാരോ ആശുപത്രി സൂപ്രണ്ടുമാരോ ചെലവുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ധനവിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണെന്നും നിർദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുയീനുദീൻ എൻ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ ,ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by Assim M S
Date: 02-11-2026 15:42:24
സെക്ഷൻ ഓഫീസർ